# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.6425** **08/11/16-ൽ മറുപടിക്ക്**

## ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്

| ചോദ്യം<br>ശ്രീ.എ.എൻ.ഷംസീർ | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) കാലഹരണപ്പെട്ട ഫയർ സർവ്വീസ് റൂൾ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | 1962ലെ കേരള ഫയർഫോഴ്സ് ആക്ട് പരിഷ്ക്കരിച്ചുകൊണ്ട് ഒരു പുതിയ നിയമം രൂപീകരിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) ഫയർ സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കുന്നത്; | ബി) | പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു; ഫയർ ഫോഴ്സ് ആക്ട് പരിഷ്ക്കരിക്കാനുള്ള നടപടി സ്വീകരിച്ചു; ട്രെയിനിംഗ് അക്കാഡമി നവീകരണത്തിന് 1 കോടി രൂപ അനുവദിച്ചു; നാഷണൽ സിവിൽ ഡിഫൻസ് അക്കാദമിയിലും, ഐ.എം.ജി.യിലും കമ്പ്യൂട്ടർ ഉൾപ്പെടെ വിദഗ്ദ്ധ പരിശീലനം നൽകി; അഗ്നിരക്ഷാ പരിശീലന അക്കാദമിയിലെ വിവിധ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്ക്കരിച്ചു; അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും അഗ്നിശമന പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും സ്റ്റാന്റേർഡ് ഓപ്പറേഷണൽ പ്രൊസീഡ്യുയർ തയ്യാറാക്കി; നീന്തൽ, മുങ്ങൽ, സ്കൂബാ ഡൈവിംഗ് എന്നിവയിൽ വിദഗ്ദ്ധ |

| | | | |
|---|---|---|---|
| | | | പരിശീലനം; അസിസ്റ്റന്റ് സ്റ്റേഷനാഫീസർ, ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക്, ഡ്രൈവർ മെക്കാനിക്ക് എലിജിബിലിറ്റി എന്നീ കോഴ്സുകളിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി. |
| സി) | 15വർഷത്തിൽ കൂടുതൽ പഴക്കമുള്ള എത്ര വാഹനങ്ങൾ ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ ഉപയോഗിച്ചുവരുന്നുണ്ട്; പ്രസ്തുത വകുപ്പിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ എത്ര ശതമാനമാണ് ഇതെന്ന് അറിയിക്കുമോ? | സി) | 15 വർഷത്തിലധികം പഴക്കമുള്ള 52 വാഹനങ്ങൾ ഫയർ & റെസ്ക്യൂ വകുപ്പിൽ ഉപയോഗിച്ചു വരുന്നുണ്ട്. പ്രസ്തുത വകുപ്പിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ 9ശതമാനമാണിത്. |

**സെക്ഷൻ ഓഫീസർ**